# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം***- 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2026 ജൂലൈ 23**

---

## താത്കാലിക നിയമനം

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി പഠനവകുപ്പിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റൻറ്, ലാബ് അസിസ്റ്റൻറ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.*

*ഓപ്പൺ വിഭാഗത്തിൽ ഒഴിവുള്ള ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് ഫുഡ് പ്രോസസ്സിംഗിൽ ബി.ടെക് അല്ലെങ്കിൽ ഫുഡ് സയൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ/ഫുഡ് ന്യൂട്രിഷനിൽ എം.എസ്.സിയാണ് യോഗ്യത. പ്രതിമാസ വേതനം 25,000 രൂപ.*

*എസ്.സി വിഭാഗത്തിൽ ഒഴിവുള്ള ലാബ് അസിസ്റ്റൻറ് തസ്തികയിലേക്ക് കെമിസ്ട്രി അല്ലെങ്കിൽ ലൈഫ് സയൻസിൽ ബി.എസ്.സിയാണ് യോഗ്യത. പ്രതിമാസ വേതനം 15,000 രൂപ.*

*രണ്ടു തസ്തികകൾക്കും 2026 ജനുവരി 1 ന് 36 വയസ്സ് കവിയരുത് (നിയമാനുസൃത വയസ്സിളവ് ബാധകം). താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ സർവകലാശാലാ വെബ്സൈറ്റിൽ നിന്നുമുള്ള അപേക്ഷാഫോറം പൂരിപ്പിച്ച്, യോഗ്യത, പ്രായം, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം* ada5@mgu.ac.in *എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.*

------------

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്ന ഓൺലൈൻ എം.ബി.എ. കോഴ്സിലെ മെൻറർ തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് എസ്. ഐ. യു. സി. നാടാർ വിഭാഗത്തിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ബന്ധപ്പെട്ട*

*വിഷയത്തിൽ കുറഞ്ഞത് 55% മാർക്കോടെ ബിരുദാനന്തര ബിരുദവും യു.ജി.സി/സി.എസ്.ഐ.ആർ-നെന്റ് അല്ലെങ്കിൽ പി.എച്ച്.ഡി.യുമാണ് യോഗ്യത. 2026 ജനുവരി 1 ന് 50 വയസ്സാണ് പ്രായപരിധി. പ്രതിമാസ വേതനം 40,000 രൂപ.*

*താല്പര്യമുള്ളവർ വെബ്സൈറ്റിൽ ലഭ്യമായ അപേക്ഷാഫോറം പൂരിപ്പിച്ച്, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ സഹിതം വിജ്ഞാപന തീയതി മുതൽ 10 ദിവസത്തിനകം* recruitmentada7@mgu.ac.in *എന്ന ഇ-മെയിലിൽ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്* www.mgu.ac.in. *ഫോൺ: 0481 – 2731020, 2733300*

*------------*

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് കം ലൈബ്രേറിയൻ തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഒഴിവുണ്ട്. ലൈബ്രറി സയൻസിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 29. ഫോൺ- 9188374553.*

*(പി. ആർ. ഒ./681/2026)*

## സീറ്റ് ഒഴിവ്

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ കോഴ്സിൽ എസ്.സി/എസ്.ടി വിഭാഗക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിൽ ഒഴിവുകളുണ്ട്. ബിരുദവും* CAT, CMAT *അല്ലെങ്കിൽ* KMAT *സ്കോറുള്ള അർഹരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 27-ന് രാവിലെ 10:00-ന് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ-0481-2733367.*

*(പി. ആർ. ഒ./682/2026)*

## പരീക്ഷാഫലം

*മൂന്നാം സെമസ്റ്റർ എംഎസ്.സി സുവോളജി (പിജിസിഎസ്എസ്) (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 6 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി. ആർ. ഒ./683/2026)*

## പരീക്ഷാ തീയതി

*ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ നടക്കും.*

------------

*അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ബിഎ,ബിബിഎ, ബികോം,എൽഎൽബി (ഓണേഴ്സ്) പരീക്ഷകൾ ഓഗസ്റ്റ് 6 മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.*

------------

*നാലാം സെമസ്റ്റർ എംഎ, എംഎസ്.സി, എംകോം, എംസിജെ, എംഎസ്ഡബ്ല്യു, എംടിഎ, എംടിടിഎം, എംഎച്ച്എം, എംഎംഎച്ച് (സിഎസ്എസ്) (2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷകൾ ഓഗസ്റ്റ് 5 മുതൽ നടക്കും.*

------------

*ഒന്നാം സെമസ്റ്റർ എംഎഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ-ലേണിംഗ് ഡിസെബിലിറ്റി 2025 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഓഗസ്റ്റ് 3 മുതൽ നടക്കും.*

------------

*രണ്ടാം സെമസ്റ്റർ എംഎസ്.സി മെഡിക്കൽ ഡോക്യുമെൻറേഷൻ (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ഓഗസ്റ്റ് 7 മുതൽ നടക്കും.*

*(പി. ആർ. ഒ./684/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**